LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിൽ ഈ വർഷം 139 ഡെങ്കിപ്പനിയും 74 മലമ്പനിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാകളക്ടറുടെ നേതൃത്വത്തിലും എം.എൽ.എ.-യുടെ നേതൃത്വത്തിലും മീറ്റിംഗുകളും അവലോകന യോഗങ്ങളും നടക്കുകയുണ്ടായി. നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡെങ്കിപ്പനി, എച്ച്1എൻ1, എലിപ്പനി, പകർച്ചപ്പനി എന്നിവയ്ക്കുള്ള മരുന്നുകളെല്ലാം ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് തന്നെ ആവശ്യമായ 206 ഇനം പകർച്ചവ്യാധിക്കുള്ള മരുന്നുകൾ മുൻഗണനാക്രമത്തിൽ 30 കോടി രൂപയ്ക്ക് വാങ്ങി എല്ലാ ആശുപത്രികളിലും വിതരണം ചെയ്തിട്ടുണ്ട്. ക്രമീകരണങ്ങളെല്ലാം തന്നെ സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ വിലയിരുത്തിയിട്ടുണ്ട്. എച്ച്.1 എൻ.1 രോഗത്തിന് നൽകുന്ന oseltamivir ഗുളികകൾ 3,90,000 വാങ്ങി സ്റ്റോക്ക് ചെയ്തിട്ടുണ്ട്. കൂടാതെ കാരുണ്യ ഫാർമസി വഴി 2,27,000 ഗുളികകളും വാങ്ങി ശേഖരിച്ചിട്ടുണ്ട്.

സബ്മിഷനിൽ സൂചിപ്പിച്ച രോഗങ്ങൾക്ക് ചികിത്സ നൽകുന്നതിന് ആവശ്യമായിട്ടുള്ള എല്ലാ മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. ഏതെങ്കിലും ആശുപത്രിയിൽ മരുന്ന് ലഭ്യമായിട്ടില്ലായെങ്കിൽ അത് അറിയിച്ചാൽ ഉടൻതന്നെ ലഭ്യമാക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആശുപത്രിയിൽ കാഷ്വാലിറ്റി ഇല്ലാത്ത ഒരു സാഹചര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മുപ്പത്തിയൊന്നോളം കാഷ്വാലിറ്റി ഇല്ലാത്ത താലൂക്ക് ആശുപത്രികൾ ഉണ്ട്. ആ ആശുപത്രികളിൽ കാഷ്വാലിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നതാണ്. 131 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ സൂചിപ്പിച്ചിരുന്നതാണ്. അതിനാവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

8. കോടഞ്ചേരി പി.എച്ച്.സി.-യെ സി.എച്ച്.സി.-ആയി ഉയർത്തൽ

<u>ശ്രീ. സി. മോയിൻകുട്ടി</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രം ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി മാറ്റിയിട്ട് വർഷങ്ങളായി. ഇത് ദുർബ്ബല വിഭാഗക്കാരും പിന്നോക്ക, എസ്.സി./എസ്.ടി. വിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. നിരന്തരമായി ആവശ്യപ്പെട്ടിട്ടും ജീവനക്കാരെ ഇന്നുവരെ ലഭ്യമാക്കിയിട്ടില്ല. പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത്

LIBRARY ARCHIVES Kerala Legislative Assembly

സെന്ററാക്കി ബോർഡുവച്ചു എന്നുമാത്രമേയുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്റ്റാഫ് ക്രിയേഷൻ സംബന്ധിച്ച് അനുകൂല ഉത്തരവിട്ടിട്ടുണ്ട് (ഫയൽ നമ്പർ 65805/ഹെൽത്ത് ബി1/14/ഫൈനാൻസ്). ന്യൂ സർവ്വീസ് സ്കീം അനുസരിച്ച് തസ്തികകൾ നൽകാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകുകയാണ്. 6 ഡോക്ടർ വേണ്ട സ്ഥാനത്ത് ഒരു ഡോക്ടർ, 2 ക്ലാർക്ക് വേണ്ടിടത്ത് ഒരു ക്ലാർക്ക്, 6 സ്റ്റാഫ് നഴ്സ് വേണ്ടിടത്ത് ഒരു നഴ്സ്, 4 നഴ്സിംഗ് അസിസ്റ്റന്റ് വേണ്ടിടത്ത് ഒരു നഴ്സിംഗ് അസിസ്റ്റന്റ്. ഇതാണ് അവിടത്തെ ഇപ്പോഴത്തെ സ്ഥിതി. ഇതുതന്നെയാണ് എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ ആശുപത്രികളിലെയും സ്ഥിതി. മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൂടരഞ്ഞി, ചെറുവാടി, തിരുവമ്പാടി പ്രൈമറി ഹെൽത്ത് സെന്ററുകളിലും ജീവനക്കാരില്ല. ഇപ്പോൾ ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്യുകയാണ്. നിരവധി രോഗങ്ങളുടെ പിടിയിലാണ് മലയോര കുടിയേറ്റ മേഖല. ഈ പ്രദേശങ്ങളെ സംബന്ധിച്ച് നിരന്തരമായ പത്രവാർത്തയും സമരങ്ങളും ഉയരുകയാണ്. എം.എൽ.എ. എന്ന നിലയിൽ ആ പ്രദേശത്തുകൂടി പോകാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. എന്തെങ്കിലും സത്വര നടപടികൾ സ്വീകരിക്കാൻ ഇനിയെങ്കിലും തയ്യാറാകണം എന്ന് അപേക്ഷിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത് കോടഞ്ചേരി പ്രൈമറി ഹെൽത്ത് സെന്ററിനെ സി.എച്ച്.സി. ആയി ഉയർത്തിയെങ്കിലും ഇപ്പോഴും അവിടെ പി.എച്ച്.സി.-യിലെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളതെന്നും ഇതിലേക്ക് വേണ്ട സ്റ്റാഫ് ക്രിയേഷൻ ഉൾപ്പെടെയുള്ള ഫയലുകൾ ധനകാര്യ വകുപ്പിന്റെ ഭാഗത്താണെന്നുമാണ്. സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ-6, എൽ.ഡി. ക്ലാർക്ക്-2, സ്റ്റാഫ് നഴ്സ്-5, ലാബ് ടെക്നീഷ്യൻ-1 നഴ്സിംഗ് അസിസ്റ്റന്റ്-2 എന്നിങ്ങനെയുള്ള സ്റ്റാഫ് ക്രിയേഷന്റെ നടപടിക്രമങ്ങൾ നടന്നുവരികയാണ്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്.

9. കരിമ്പനി രോഗം

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, മഴക്കാലം വന്നതോടെ പകർച്ചവ്യാധിയും വന്നു. നമ്മുടെ സംസ്ഥാനമാകെ പകർച്ചവ്യാധിയുടെ പിടിയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന സന്ദർഭമാണ്. അടുത്ത കാലത്താണ് എന്റെ മണ്ഡലത്തിൽ കരിമ്പനി എന്ന പ്രത്യേകതരം പകർച്ചവ്യാധി പടർന്നുപിടിച്ചത്. കാലാ ആസർ എന്നാണ്